LIBRARY ARCHIVES Kerala Legislative Assembly

തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ സമഗ്ര വികസനം

57 [892] ശ്രീ. ടി. എം. ജേക്കബ് :

„ ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ സമീപഭാവിയിലുള്ള സമഗ്ര വികസനത്തിനായി എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ;

(ബി) ഒരു ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ ഇതിനെ വികസിപ്പിച്ചെടുക്കാൻ ടൂറിസം വകുപ്പിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) ഹിൽ പാലസിന്റെ നവീകരണ പ്രവർത്തനങ്ങളോടൊപ്പം ഗ്യാലറികളുടെ നവീകരണം ഉൾപ്പെടുത്തുമോ ;

(ഡി) ഹെറിറ്റേജ് മ്യൂസിയത്തിന്റെ രണ്ടാംഘട്ടം തുടങ്ങിയിട്ടുണ്ടോ ;

(ഇ) ഹിൽ പാലസിലെ അമ്പത്തിരണ്ട് ഏക്കർ ക്യാമ്പസ് ഒരു അപൂർവ്വ വൃക്ഷശേഖരമായി വികസിപ്പിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ഇപ്പോൾ തുടരുന്നുണ്ടോ ;

(എഫ്) മട്ടാഞ്ചേരിയിലും ഫോർട്ടു കൊച്ചിയിലുമെത്തികൊണ്ടിരിക്കുന്ന നൂറുകണക്കിന് വിദേശീയരിൽ അധികം പേരും ഹിൽ പാലസിൽ എത്താതിരിക്കുന്നതിനു കാരണം ട്രാഫിക്കിലുണ്ടാകുന്ന താമസവും റോഡുകളുടെ ശോച്യാവസ്ഥയും വേണ്ടത്ര പബ്ലിസിറ്റിയുടെ അഭാവവും ആണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഹിൽ പാലസ് മ്യൂസിയം കെട്ടിടങ്ങളുടെ സമഗ്രമായ സംരക്ഷണ പണികൾ ചെയ്തുതീർക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതി വിനോദസഞ്ചാരവകുപ്പ് അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിഗണനയിലുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

GPM. 2/152/2013—11

(എഫ്) കൊച്ചിയിലെ പ്രധാന കേന്ദ്രങ്ങളായ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, എയർപോർട്ട് മറ്റ് പ്രധാനപ്പെട്ട കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വിനോദ സഞ്ചാര വകുപ്പിന്റെയും ഡി.റ്റി.പി.സി.-യുടെയും മേൽനോട്ടത്തിൽ ഇൻഫർമേഷൻ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി. തയ്യാറാക്കിയിട്ടുള്ള ബ്രോഷറുകളിൽ ഹിൽപാലസ് മ്യൂസിയം ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മ്യൂസിയത്തിനെക്കുറിച്ച് വിദേശീയരായ സന്ദർശകർക്ക് വിവരം ലഭ്യമാകുന്നുണ്ട്. നഗരത്തിലുള്ള ട്രാഫിക് കുരുക്കുകൾ, വിദേശീയരായ സഞ്ചാരികളെ ഹിൽപാലസ് മ്യൂസിയത്തിൽ നിന്നും അകറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തലശ്ശേരി തലായി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

58 [926] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി തലായി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട് നവീകരിച്ച പ്രോജക്ട് റിപ്പോർട്ട് എന്നാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടും, ഫയലുകളും കാണാതായെന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഫിഷിംഗ് ഹാർബർ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) തലായി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 19.78 കോടി രൂപയുടെ നവീകരിച്ച പദ്ധതി രൂപരേഖ 2275/ബി2/04/എഫ് & പിഡി നമ്പരായി 2-11-2005-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഭരണാനുമതി നൽകിക്കഴിഞ്ഞാൽ 4 വർഷത്തിനകം പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly